"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 16-12-2020

**സർക്കുലർ നം 93**

ജയിലുകളിൽ ഉദ്യോഗസ്ഥരുടെയും സന്ദർശകരുടേയും ഫോൺ ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ച് 09.11.2004 ലെ ഡി.ജി.പി ക്യാമ്പ് 11/2004 എന്ന സർക്കുലർ, 13.12.2013 തീയതിയിൽ ബഹു. ഡി.ജി.പി യുടെ ചേമ്പറിൽ കൂടിയ യോഗ തീരുമാനം, 30.12.2013ലെ ജി 5 - 29315/2013 ലെ സർക്കുലർ നമ്പർ 12/2013 എന്നിവയിലേക്ക് എല്ലാ ഉദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

ജയിലിനുള്ളിൽ ഇനി മുതൽ ഉദ്യോഗസ്ഥരും സന്ദർശകരും ഔദ്യോഗികാവശ്യത്തിനായി വരുന്ന ഇതര ഉദ്യോഗസ്ഥരും മൊബൈൽ ഫോൺ കൊണ്ടു പോകുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. ജയിൽ ഉദ്യോഗസ്ഥർ തങ്ങളുടെ മൊബൈൽ ഫോണുകൾ ജയിലിനുള്ളിൽ ജോലി ചെയ്യുന്ന സമയത്ത് സൂപ്രണ്ട് നിർദ്ദേശിക്കുന്ന വിധം ഓഫീസിൽ സൂക്ഷിക്കേണ്ടതാണെന്നും സന്ദർശകൾ ആരായാലും മൊബൈൽ ഫോണുകൾ ഗേറ്റിൽ ഗേറ്റ് കീപ്പറെ ഏൽപ്പിച്ച ശേഷം മാത്രം ജയിലിനുള്ളിൽ പ്രവേശിക്കാൻ അനുമതി നൽകിയാൽ മതിയെന്നും കർശനമായി നിർദ്ദേശിക്കുന്നു. ജയിൽ സൂപ്രണ്ടുമാർ ടി നിർദ്ദേശം കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട സൂപ്രണ്ടുമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു. മൊബൈൽ ഫോൺ ജയിലിനുള്ളിൽ പ്രവേശിപ്പിക്കാനനുമതിയില്ലെന്ന അറിയിപ്പ് ജയിൽ ഗേറ്റിനു പുറത്ത് സ്ഥാപിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും